*⇨ ഈ ജനകീയസമരങ്ങളിൽ ഇടപെടുന്നത് മാവോയിസ്റ്റ് പ്രവർത്തനമാണോ? ⇨*

# കേരളീയം എന്തുകൊണ്ട് മാവോ പട്ടികയിൽ?

പാതിരാത്രിയിൽ ഇങ്ങിനെയൊരു റെയ്ഡ് മുഖ്യധാരാ പ്രസിദ്ധീകരണങ്ങളുടെ ഓഫീസുകളിൽ നടത്താൻ ആഭ്യന്തരമന്ത്രിയ്ക്ക് ധൈര്യമുണ്ടാകുമോ? 'കേരളീയ'ത്തിന്റെ വെബ്സൈറ്റിൽ ഇതുവരെ ഇറക്കിയിട്ടുള്ള എല്ലാ ലക്കങ്ങളും ലഭ്യമാണെന്നിരിക്കെ എന്തിന് ഭീകര പാതിരാ നാടകം?

**കെ. അരവിന്ദാക്ഷൻ**

**ഡിസംബർ** 22ന് അർദ്ധരാത്രിയിൽ നടന്ന ഭീകരമായ റെയ്ഡും തുടർന്നുള്ള അറസ്റ്റും രാവിലെ എട്ടുവരെയുള്ള ചോദ്യം ചെയ്യലും സന്തോഷിലും അജ്‌ലാലിലും വിശ്വനാഥനിലും ഉണ്ടാക്കിയ മാനസിക സംഘർഷം ഞാനും പങ്കുവയ്ക്കുന്നു. ഒരു 'ജനാധിപത്യ'ഭരണകൂടത്തിന് ഇങ്ങിനെയൊരു ഭീകരാവതാരം ഇക്കാലത്തും എടുക്കാൻ കഴിയുന്നുവെന്നത് 'കേരളീയ'ത്തിന്റെ ഒരു വായനക്കാരനും എഴുത്തുകാരനും എന്ന നിലയിൽ എന്നെ ആശങ്കാകുലനാക്കുന്നു.

'കേരളീയം' എന്തുകൊണ്ട് സ്റ്റേറ്റിന്റെ മാവോപട്ടികയിൽ പെടുന്നു? പ്ലാച്ചിമട, പശ്ചിമഘട്ടം, നെൽവയൽ, കരിമണൽ, പുഴ സംരക്ഷണം, ക്വാറി, ആദിവാസിഭൂമി, ജെൻഡർ വിഷയങ്ങൾ, മനുഷ്യാവകാശം, ബദൽ സിനിമകൾ, ചിന്തകൾ എന്നു തുടങ്ങി വിവിധ മേഖലകളിൽ ഇടപെടുകയും ജനകീയസമരങ്ങൾക്കൊപ്പം നിൽക്കുകയും വസ്തുനിഷ്ഠമായും ഭയരഹിതമായും കാര്യങ്ങൾ അവതരിപ്പിക്കുകയും ചെയ്തു എന്നതാണോ 'കേരളീയ'ത്തെ മാവോലിസ്റ്റിൽ പെടുത്തിയത്? മുഖ്യധാരാ മാധ്യമങ്ങളും മേൽപ്പറഞ്ഞ വിഷയങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ടല്ലോ? അവ മാർക്കറ്റിനുവേണ്ടിയാണെന്നതുകൊണ്ടും 'കേരളീയം' ജനങ്ങൾക്കുവേണ്ടിയാണെന്നതുകൊണ്ടുമാണോ ഇവരെ മാവോവാദികളാക്കിയത്? എങ്കിൽ ഈ ജനകീയസമരങ്ങളിൽ ഇടപെടുന്നത് മാവോയിസ്റ്റ് പ്രവർത്തനമാണോ? പാതിരാത്രിയിൽ ഇങ്ങിനെയൊരു റെയ്ഡ് മുഖ്യധാരാ പ്രസിദ്ധീകരണങ്ങളുടെ ഓഫീസുകളിൽ നടത്താൻ ആഭ്യന്തരമന്ത്രിയ്ക്ക് ധൈര്യമുണ്ടാകുമോ? 'കേരളീയ'ത്തിന്റെ വെബ്സൈറ്റിൽ ഇതുവരെ ഇറക്കിയിട്ടുള്ള എല്ലാ ലക്കങ്ങളും ലഭ്യമാണെന്നിരിക്കെ എന്തിന് ഭീകര പാതിരാ നാടകം?

ഇതിനുള്ള കാരണങ്ങൾ ഇതൊക്കെയാവാം. (1) കേരളം ഇന്നുവരെ കണ്ടിട്ടുള്ള ഏറ്റവും അഴിമതി ദുർഗന്ധം വമിക്കുന്ന ഒരു സർക്കാരാണ് ഇപ്പോഴുള്ളത്. ഇത് ഗാന്ധിയൻ പാർട്ടിക്ക് ഒരു കടുകുമണിയോളം ധാർമ്മികതയില്ല. മദ്യ, ഭൂ, ക്വാറി, മണൽ, ബ്ലെയിഡ് മാഫിയകളാണ് ഈ സർക്കാരിനെ നിയന്ത്രിക്കുന്നത്. ഒപ്പം സാമുദായിക മതനേതാക്കളും. ഇത്തരം റെയ്ഡുകൊണ്ട് ജനകീയപ്രശ്നങ്ങളിൽ നിന്ന് ശ്രദ്ധ തിരിക്കുകയാണിവർ ചെയ്യുന്നത്. (2) പരിസ്ഥിതി സംരക്ഷണം, ആദിവാസി സമരങ്ങൾ, മണൽ- പാറ- ജലം തുടങ്ങിയ വിഭവങ്ങളുടെ ചൂഷണത്തിനെതിരെയുള്ള

➯ 'കേരളീയ'ത്തിന് ഈ ഷെനറിയോയിൽ ഒരുപാട് ജോലികൾ ചെയ്യാനുണ്ട് ➯




കേരളീയം റെയ്ഡിനെ തുടർന്ന് തൃശൂരിൽ നടന്ന പ്രതിഷേധ യോഗം

പ്രതിരോധങ്ങൾ, പശ്ചിമഘട്ട സംരക്ഷണം എന്നിവയിൽ ഇടപെടുന്ന, കേരളത്തിൽ അന്യം വന്നുകൊണ്ടിരിക്കുന്ന ആക്ടിവിസ്റ്റുകളെ ഭീകരരും മാവോയിസ്റ്റുകളുമാക്കി വേട്ടയാടി കേരളത്തിൽ ശേഷിക്കുന്ന വിഭവങ്ങൾ മാഫിയാചൂഷണത്തിനായി തുറന്നിടാൻ അവസരമൊരുക്കുക. (3) അധികാരികളോട് സമരസപ്പെടാത്ത എഴുത്തുകാരെയും കലാകാരന്മാരെയും നിശബ്ദരാക്കുക.

ഈയവസരത്തിൽ കേരളത്തിലെ ജനകീയസമരങ്ങളിൽ നുഴഞ്ഞുകയറാൻ തക്കം പാർത്തിരിക്കുന്ന മതമൗലികവാദികളോടും മാവോയിസ്റ്റുകളോടും ചിലത് നിർദ്ദേശിക്കാനുണ്ട്. 1. കേരളത്തിലെ മതതീവ്രവാദികൾക്ക് പരിസ്ഥിതി- മനുഷ്യാവകാശ- സാഹിത്യപ്രവർത്തനങ്ങൾ അവരുടെ വർഗീയ അജണ്ട നടപ്പാക്കാനുള്ള പുകമറയാണ്. ദയവുചെയ്ത് മതമൗലികവാദികൾ ജനകീയ സമരപ്രവർത്തകരെ ഒറ്റുകൊടുക്കാതിരിക്കുക.

2. The Great Proletarian Culture Revolution ന് നേതൃത്വം നൽകിയ മാവോ സേ തൂങ്ങ് മൂന്നു കോടി ചൈനക്കാരെയാണ് വിപ്ലവത്തിന്റെ പേരിൽ കുരുതികൊടുത്തത്. അത്തരമൊരാളിന്റെ സമരത്തിൽ, ഉപഭോഗാസക്തിയിൽ മുങ്ങിപ്പോയ കേരളത്തിൽ, മാവോയിസ്റ്റുകളാരെങ്കിലും ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. (കേന്ദ്രസർക്കാരിൽ നിന്നും വൻതോതിൽ ഫണ്ട് തട്ടിയെടുക്കാനുള്ള ഒരടവായിട്ടാണ് സ്റ്റേയിറ്റ് ഈ മാവോഭയം പരത്തുന്നതെന്നുപോലും വരാം.) ഇനി മാവോയിസ്റ്റുകളാരെങ്കിലും ഉണ്ടെങ്കിൽ, ദദയവുണ്ടായി കേരളത്തിന്റെ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ആക്ടിവിസ്റ്റുകളെ, ജനകീയസമരങ്ങളിൽ നുഴഞ്ഞുകയറി ഒറ്റുകൊടുക്കാതിരിക്കുക. 'കേരളീയ'ത്തിന്റെ പാത ഹിംസയുടേതല്ല എന്നാണ് എന്റെ അനുഭവം.

മാനവീകത തരിമ്പെങ്കിലും ഉള്ളിൽ സൂക്ഷിക്കുന്ന കേരളീയർക്ക് ഇന്ന് മൂന്ന് ഭീകരതകളെയാണ് നേരിടേണ്ടത്. 1. നേരത്തേ വിശദീകരിച്ച ഭരണകൂടഭീകരതയും അവർക്കൊപ്പമുള്ള മാഫിയാ അക്രമങ്ങളും. 2. നരേന്ദ്രമോദിയുടെയും അമിത്ഷായുടേയും നേതൃത്വത്തിൽ സംഘപരിവാർ നടത്തിക്കൊണ്ടിരിക്കുന്ന ആധുനിക വികസനവും ഹിന്ദുത്വതയുടെ പേരിലുള്ള വിഷമലിനീകരണവും. 3. പിണറായി വിജയന്റെ നേതൃത്വത്തിൽ അരങ്ങേറിക്കൊണ്ടിരിക്കുന്ന ജനവിരുദ്ധ-പരിസ്ഥിതി വിരുദ്ധ പ്രതിപക്ഷ പ്രവർത്തനങ്ങൾ. മേൽപ്പറഞ്ഞ മൂന്ന് ഭീകരതകളിലും കേരളത്തിലെ മതമേധാവികളും സമുദായ സംഘടനാനേതാക്കളും സമയാസമയം അവരുടെ പങ്ക് വഹിക്കാറുണ്ട്.

'കേരളീയ'ത്തിന് ഈ ഷെനറിയോയിൽ ഒരുപാട് ജോലികൾ ചെയ്യാനുണ്ട്. ജനങ്ങളുടെ പക്ഷത്തുനിന്നുകൊണ്ട്, സത്യസന്ധമായി അത് നിർവ്വഹിക്കുമെങ്കിൽ, നിങ്ങളുടെ കൂടെ ഞാനുമുണ്ടാകും.